K24U 4114

Reg. No.: ...............................

Name : ...................................

## First Semester B.Com./B.B.A./B.B.A. (T.T.M./R.T.M./A.H.)/B.T.T.M. Degree (C.B.C.S.S.-OBE – Supplementary/Improvement) Examination, November 2024 (2019 to 2023 Admission)

## ADDITIONAL COMMON COURSE IN MALAYALAM

## 1A07-1 MAL : സാഹിത്യ രൂപങ്ങൾ

Time : 3 Hours Max. Marks : 40

I. 4 ചോദ്യങ്ങളിൽ നിന്ന് 2 എണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) കാലപരിണതിയിൽ വ്യക്തിക്കും സമൂഹത്തിനും പരിസ്ഥിതിക്കും സംഭവിക്കുന്ന മാറ്റങ്ങൾ മണൽക്കാലം എന്ന കവിത അവതരിപ്പിക്കുന്നതെങ്ങനെ ?

2) ലേബർ റൂം എന്ന നാടകം പ്രത്യക്ഷവൽക്കരിക്കുന്ന സ്ത്രീസ്വത്വങ്ങളുടെ ഭിന്നഭാവങ്ങൾ വിശകലനം ചെയ്യുക.

3) മലയാളത്തിലെ സ്ത്രീപക്ഷ സിനിമകളിൽ വേറിട്ടു നിൽക്കുന്ന ഒന്നാണ് 'ആദാമിന്റെ വാരിയെല്ല്' – നിരൂപണം തയ്യാറാക്കുക.

4) പാപ – പുണ്യങ്ങളെക്കുറിച്ചുള്ള പരിചിന്തനം ആയുസ്സിന്റെ പുസ്തകത്തിലെ മിക്കവാറും എല്ലാ കഥാപാത്രങ്ങളെയും മഥിക്കുന്നുണ്ട്. – വിശകലനം ചെയ്യുക. **(2x7=14)**

II. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'തൊട്ടാവാടികൾ ആരെയും വിശ്വസിക്കാറില്ല എന്നെന്നേക്കുമായി വാടാറുമില്ല' – വ്യാഖ്യാനിക്കുക.

6) 'ഒരന്യഗ്രഹത്തിൽ നമ്മൾ തനിച്ചായാൽ പരസ്പരം ആശ്രയിക്കാതെ സംസാരിക്കാതെ നമ്മളെങ്ങനെയാണ് കഴിയുക ?' സൂചിതം വ്യക്തമാക്കുക.

7) അമ്മിണി എന്ന കഥാപാത്രത്തിന്റെ ജീവിതസാഹചര്യങ്ങൾ വ്യക്തമാക്കുക.

8) തോമ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

9) നീലക്കുയിൽ, രാരിച്ചൻ എന്ന പൗരൻ തുടങ്ങിയ ചലച്ചിത്രങ്ങളിലെ പാട്ടുകളെ ലേഖിക വിലയിരുത്തുന്നതെങ്ങിനെ ?

10) ആയുസ്സിന്റെ പുസ്തകത്തിലെ ആഖ്യാനശൈലിയുടെ സവിശേഷതകൾ വിവരിക്കുക. **(4x3=12)**

Don Bosco Arts and Science College Library
Angadikadavu, Kannur
lib.donbosco.ac.in

P.T.O.

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'ഉണ്ണികളാരും വരാറില്ല
ഉരുണ്ടു ചിരിക്കുന്നില്ല നെല്ലിക്കകൾ' – സൂചിതം വ്യക്തമാക്കുക.

12) 'വേണംന്ന് വെച്ചിട്ടൊന്നും ആവില്യല്ലോ ? ഓരോരുത്തരുടെ കഷ്ടകാലം, ദുരിതം' – സൂചിതം വ്യക്തമാക്കുക.

13) റാഹേൽ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

14) ആനി യോഹന്നാനെഴുതിയ കത്തിൽ അവളുടെ ഹൃദയവ്യഥകൾ പ്രകടമാകുന്നതെങ്ങനെ ?

15) 'നഗരാനുഭവത്തിന്റെ കവി' എന്ന് ലേഖകൻ ബാലചന്ദ്രനെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ?

16) 'ആ വിധിയത്രേ ഞങ്ങൾക്കുച്ച –
യ്ക്കാകെ പട്ടിണിവിധിയായി' – സൂചിതം വ്യക്തമാക്കുക. **(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) കെ. ജി. ശങ്കരപ്പിള്ള

18) സി. വി. ബാലകൃഷ്ണൻ

19) ബിന്ദു കൃഷ്ണൻ

20) 'വൈകുണ്ഠത്തിൽ കേൾക്കണമത്രേ
വ്യാഖ്യാനിച്ചാളമ്മായി' – ആരുടെ ഏതു വാക്കുകളാണ് അമ്മായി വ്യാഖ്യാനിച്ചത് ?

21) 'യാത്രാമൊഴി' എന്ന കവിതയുടെ സവിശേഷതകൾ വ്യക്തമാക്കുക.

22) ഒരു പ്രബുദ്ധസദസ്സിലിരുന്ന് ചലച്ചിത്രസംഗീതത്തെക്കുറിച്ച് സംസാരിക്കാൻ സാധാരണ ആസ്വാദകൻ മടിക്കുന്നതെന്തുകൊണ്ട് ? **(4×1½=6)**

Don Bosco Arts and Science College Library Angadikadavu, Kannur lib.donbosco.ac.in
KANNUR UNIVERSITY